**130**

ഹൃദയമുരുകിവരും മിഴിനീർമണികൾ
അർച്ചനയായ് തിരുസവിധേ-ദേവാ!
അർപ്പണം ചെയ്തിടുന്നു

1 കരകാണാതെ വഴിയറിയാതെ
കരയുന്ന നേരത്തെൻ ചാരേ വന്നു
കരുണയോടേകി നിൻ കരലാളനങ്ങൾ
കരുതിയതാൽ കാവൽ ചെയ്തതിനാൽ

2 നിരാശ തന്നിൽ നെടുവീർപ്പുകളിൽ
നിരാലംബനായ് ഞാനലയും നേരം
നിർവൃതി നൽകി നിൻ മൃദുമൊഴിയാൽ
നിന്നരികിൽ എന്നെ ചേർത്തതിനാൽ

3 ക്രൂശിലെ സ്നേഹത്തിനാഴങ്ങളിൽ
ആശ്വാസമരുളി നീ നിത്യമായി
ചങ്കിലെച്ചോരയാൽ പങ്കം കഴുകിയെൻ
സങ്കടവും സർവ്വം തീർത്തതിനാൽ- **A.J.**